LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞങ്ങാട് കാണിയൂർ റെയിൽവേ പാത

127 (494) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട്-കാണിയൂർ റെയിൽവേ പാത സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പാതയ്ക്ക് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും പറയാമോ ;

(സി) പ്രസ്തുത പാതയ്ക്ക് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) കാഞ്ഞങ്ങാട്-പാണത്തൂർ-കാണിയൂർ റെയിൽവേ ലൈനിന്റെ ഫീൽഡ് സർവ്വേ പൂർത്തീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിശോധനയ്ക്കായി സമർപ്പിക്കാനുള്ള സൂക്ഷ്മ പരിശോധനയിലാണ്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആവശ്യമായ തുക വകയിരുത്തിയാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കേരളത്തിന്റെ റെയിൽവേ വികസന പദ്ധതികൾ

128 (495) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ റെയിൽവേയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വികസന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

ഷൊർണ്ണൂർ-കാരക്കാട് സ്റ്റേഷനുകൾക്കിടയിലുള്ള 4.113 കിലോമീറ്റർ പാതയിരട്ടിപ്പിക്കൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതോടെ ഷൊർണ്ണൂർ-മാംഗ്ലൂർ പാതയിലെ പാതയിരട്ടിപ്പിക്കൽ പ്രവൃത്തികൾ മുഴുവനായും പൂർത്തിയായിട്ടുണ്ട്. പൊള്ളാച്ചി ജംഗ്ഷൻ-പാലക്കാട് 54.720 കിലോമീറ്റർ പാതയിൽ ഗേജ്മാറ്റ പ്രവൃത്തികൾ പൂർത്തിയാക്കുകയും 2015 നവംബർ മാസം പാത ഗതാഗതത്തിനായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്.